പതിനാലാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.2659 — 06.02.2018-ൽ മറുപടിയ്ക്ക്

## മരങ്ങൾ മുറിക്കുന്നതിന് തടസ്സം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. എസ്.രാജേന്ദ്രൻ | അഡ്വ.കെ.രാജു<br>(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി) |
| (എ) ദേവികുളം നിയോജക മണ്ഡലത്തിൽ പട്ടയ ഭൂമിയിൽ വെച്ചുപിടിപ്പിച്ച 28 ഇനം മരങ്ങൾ മുറിക്കുന്നതിനു എന്തെങ്കിലും തടസ്സം നിലനിൽക്കുന്നുണ്ടോ; എങ്കിൽ എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ; | (എ) ഇടുക്കി ജില്ലയിലെ ദേവികുളം, ഉടുമ്പൻ ചോല താലൂക്കുകൾ ഉൾപ്പെട്ടുവരുന്ന വിവിധ സ്ഥലങ്ങളിൽ ഭൂമിയുടെ സ്റ്റാറ്റസ് അനുസരിച്ച് വിവിധതരം നിയന്ത്രണങ്ങൾ നിലവിലുണ്ട്. കേരള വനേതര പ്രദേശങ്ങളിലെ വൃക്ഷം വളർത്തൽ പ്രോത്സാഹന നിയമത്തിലെ 6-ാം വകുപ്പ് പ്രകാരം വിജ്ഞാപനം ചെയ്തിട്ടുള്ള വില്ലേജുകളിലെ ഒരു ഹെക്ടറിൽ കൂടുതൽ ഭൂമിയുള്ള കൈവശക്കാർക്ക് 28 ഇനം മരങ്ങൾ മുറിക്കുന്നതിന് അനുമതി ആവശ്യമില്ല. പക്ഷെ ഈ അവകാശം വനേതര ഭൂമിയിൽ മാത്രമെ ലഭ്യമായിട്ടുള്ളൂ. വിവിധ നിയമങ്ങൾ പ്രകാരം വിജ്ഞാപനം ചെയ്തിട്ടുള്ള പ്രദേശങ്ങൾക്ക് മേൽപ്പറഞ്ഞത് ബാധകമല്ല. കേരള ഭൂപതിവ് ചട്ടങ്ങളും നിയമങ്ങളും അനുസരിച്ച് പതിച്ചുകൊടുത്തിട്ടുള്ള പട്ടയഭൂമിയിലെ മരങ്ങൾ മുറിക്കുന്നതിന് ബന്ധപ്പെട്ട നിയമത്തിൽ പറഞ്ഞിട്ടുള്ള നിയന്ത്രണങ്ങൾ ഉണ്ട്. |
| (ബി) ആയത് സംബന്ധിച്ച ഉത്തരവിന്റെ വിശദാംശങ്ങൾ നൽകുമോ? | (ബി) ആയത് സംബന്ധിച്ച ഉത്തരവിന്റെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

ഉടുമ്പൻചോല, ദേവികുളം താലൂക്കിലെ വിവിധ പ്രദേശങ്ങൾ 2356/ബി1/87/വനം തീയതി 14.05.1987 (എസ്.ആർ.ഒ നം.664/87)ലെ വിജ്ഞാപനം, 6474/ബി1/90/വനം, തീയതി 28.08.1990 (എസ്.ആർ.ഒ നം.1241/90)ലെ വിജ്ഞാപനം എന്നിവ പ്രകാരം, 1986-ലെ വൃക്ഷ സംരക്ഷണ നിയമത്തിലെ 5-ാം വകുപ്പ് പ്രകാരം വിജ്ഞാപനം ചെയ്യപ്പെട്ടിട്ടുള്ളതാണ്. ഇവിടങ്ങളിൽ ജീവനും സ്വത്തിനും ഭീഷണിയായതോ, വീണുകിടക്കുന്നതോ, കേടുവന്നതോ, ഉണങ്ങിയതോ ആണെന്ന കാരണത്താലല്ലാതെ ഒരിനം മരവും മുറിക്കുവാൻ പാടില്ല. ഇത്തരത്തിൽ മരം മുറിക്കുന്നതിന്, അധികാരപ്പെട്ട വനം വകുപ്പ് ഉദ്യോഗസ്ഥനായ റേഞ്ച് ഫോറസ്റ്റ് ഓഫീസറുടെ മുൻകൂർ അനുമതി ആവശ്യവുമാണ്. ബഹു. കേരള ഹൈക്കോടതിയുടെ WA-2766/15 (WP(C)-29534/15-ലെ വിധിക്കെതിരെ ഫയൽ ചെയ്തത്) നമ്പർ കേസിലെ 16.03.2016 തീയതിയിലെ വിധിപ്രകാരം, വൃക്ഷസംരക്ഷണ നിയമത്തിലെ 5-ാം വകുപ്പ് സി.എച്ച്.ആർ മേഖലയ്ക്കും, ഏലകൃഷി നടത്തിവരുന്ന മറ്റ് സ്ഥലങ്ങൾക്കും ബാധകമാണ് എന്ന് ഉത്തരവായിട്ടുണ്ട്. ബഹുമാനപ്പെട്ട ഗ്രീൻ ട്രൈബ്യൂണൽ (ദക്ഷിണ മേഖല) 373/2013 നമ്പർ അപേക്ഷയിലെ 28.05.2015-ലെ വിധിയിലും സമാനമായ നിരീക്ഷണം നടത്തിയിട്ടുണ്ട്.

2005-ലെ കേരള വനേതര പ്രദേശങ്ങളിലെ വൃക്ഷം വളർത്തൽ പ്രോത്സാഹന നിയമത്തിലെ സെക്ഷൻ 6(3) പ്രകാരം ഇടുക്കി ജില്ലയിലെ ദേവികുളം താലൂക്കിലെ കണ്ണൻദേവൻ ഹിൽസ്, കാന്തല്ലൂർ, മാങ്കുളം, മന്നാങ്കണ്ടം, മറയൂർ, പള്ളിവാസൽ എന്നീ വില്ലേജുകൾ വിജ്ഞാപനം ചെയ്തിട്ടുണ്ട്. ഈ വില്ലേജുകളിലെ വനേതര പ്രദേശങ്ങളിലെ ഒരു ഹെക്ടർ വരെയുള്ള ഉടമസ്ഥർക്ക് നിർദ്ദിഷ്ടമായ പത്തിനം മരങ്ങൾ മുറിക്കാൻ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥനായ റേഞ്ച് ഫോറസ്റ്റ് ഓഫീസറുടെ മുൻകൂർ അനുമതി ആവശ്യമാണ്. മറ്റ് മരങ്ങൾ ഇവർക്ക് സ്വതന്ത്രമായി മുറിച്ച് ഉപയോഗിക്കാവുന്നതാണ്. ഈ വില്ലേജുകളിലെ ഒരു ഹെക്ടറിന് മുകളിലുള്ള ഭൂവുടമകൾക്ക് 28 ഇനം മരങ്ങൾ സ്വതന്ത്രമായി മുറിച്ച് ഉപയോഗിക്കാവുന്നതും മറ്റ് മരങ്ങൾ മുറിക്കാൻ റേഞ്ച് ഫോറസ്റ്റ് ഓഫീസറുടെ മുൻകൂർ അനുമതി നേടേണ്ടതുമാണ്.

സ്വകാര്യ ഭൂമിയിലെ മരങ്ങൾ മുറിക്കുന്നതിന് 2005-ലെ കേരള വനേതര പ്രദേശങ്ങളിലെ വൃക്ഷം വളർത്തൽ പ്രോത്സാഹന നിയമത്തിലെ 6-ാം വകുപ്പ പ്രകാരമുള്ള ഇളവുകൾ, 1986-ലെ കേരള വൃക്ഷ സംരക്ഷണ നിയമത്തിലെ 5-ാം വകുപ്പ് പ്രകാരം വിജ്ഞാപനം ചെയ്യപ്പെട്ട പ്രദേശങ്ങൾക്ക് ബാധകമല്ല. അതിനാൽ പള്ളിവാസൽ വില്ലേജിലെ ഏലകൃഷിഭൂമിയിലെല്ലാം മുൻപറഞ്ഞ നിയന്ത്രണങ്ങൾ നിലവിലുണ്ട്.

കൂടാതെ, ദേവികുളം താലൂക്കിലെ അഞ്ചുനാട് മേഖലയിൽ ഉൾപ്പെട്ട മറയൂർ, വട്ടവട, കീഴാന്തൂർ, കൊട്ടകമ്പൂർ, കാന്തല്ലൂർ വില്ലേജുകളിൽ യൂക്കാലിപ്റ്റസ് മുറിക്കുന്നത് 16.02.2015-ലെ റവന്യൂ വകുപ്പിന്റെ ജി.ഒ(എം.എസ്)നമ്പർ 69/2015/ആർ.ഡി ഉത്തരവിനാൽ തടയപ്പെട്ടിട്ടുണ്ട്.

എൽ.എ പട്ടയങ്ങൾ നൽകിയിരിക്കുന്നത് കേരള ലാന്റ് അസൈൻമെന്റ് റൂൾസിലെ 9(2) ചട്ടം, 1970 ലെ ആരബിൾ ഫോറസ്റ്റ് ലാന്റ് അസൈൻമെന്റ് റൂൾസിലെ 13(2) ചട്ടം, 1993 ലെ 01.01.1977 ന് മുൻപുള്ള വനം കൈയ്യേറ്റം റഗുലറൈസ് ചെയ്യുന്നതിനുള്ള 9(3) ചട്ടം എന്നിവ പ്രകാരമാണ്, ഇവയെല്ലാം തന്നെ 1960 ലെ ലാന്റ് അസൈൻമെന്റ് ആക്ട് 7-ാം വകുപ്പിന് കീഴിൽ വരുന്നവയാണ്. മേൽ 9(2), 13(2) ചട്ടങ്ങൾ പ്രകാരം അനുവദിച്ചിട്ടുള്ള പട്ടയങ്ങളിൽ 1-ാമത്തെ വ്യവസ്ഥ പ്രകാരം മരങ്ങളിലെ അവകാശം പൂർണ്ണമായും സർക്കാരിൽ നിക്ഷിപ്തമാണ്. മേൽ ചട്ടം 9(3) പ്രകാരം നൽകിയിട്ടുള്ള പട്ടയങ്ങളിൽ ഈ അവകാശം സർക്കാരിലെ വനം വകുപ്പിനാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. 1993 ലെ ചട്ടങ്ങളിലെ 13-ാം ചട്ടപ്രകാരം വൃക്ഷ സംരക്ഷണ നിയമത്തിലെ പത്തിനം മരങ്ങൾക്ക് നിയന്ത്രണം ബാധകമാണെന്ന് വ്യക്തമാണ്.

കൂടാതെ 1986 ലെ വൃക്ഷ സംരക്ഷണനിയമത്തിലെ 22-ാം വകുപ്പ് പ്രകാരം, മറ്റു നിയമങ്ങളിൽ എന്തുതന്നെ പറഞ്ഞിരുന്നാലും, ഈ നിയമം പ്രാബല്യത്തിൽ വന്നതിനു ശേഷം സർക്കാരിന്റെ അധീനതയിലുള്ള ഭൂമി പതിച്ചുകൊടുക്കുന്ന എല്ലാ സന്ദർഭങ്ങളിലും ഓതറൈസ്ഡ് ഓഫീസറുടെ അനുവാദമില്ലാതെ മരങ്ങൾ മുറിക്കാനോ, പിഴുതെടുക്കാനോ, കത്തിക്കാനോ, ഇവയ്ക്ക് കാരണമാക്കാനോ പാടില്ലെന്നും, നിയമത്തിലെ 4-ാം വകുപ്പ് പ്രകാരമുള്ള അനുമതി അതിന് ആവശ്യമാണെന്നും നിഷ്കർഷിക്കുന്നു.

Vbeena

സെക്ഷൻ ഓഫീസർ

P